# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2290 — 18.06.2014-ൽ മറുപടിക്ക്

## കുറഞ്ഞ മാതൃമരണ നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>,, പാലോട് രവി :<br>,, റ്റി. എൻ. പ്രതാപൻ :<br>,, എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുറഞ്ഞ മാതൃമരണ നിരക്കിന്റെ കാര്യത്തിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(ബി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ)<br>(ബി) ലഭിച്ചിട്ടുണ്ട്.<br>കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റംസ് നടത്തിയ സർവ്വേ റിപ്പോർട്ട് (2010-12) അനുസരിച്ച് കേരളത്തിന്റെ മാതൃമരണനിരക്ക് 66 ആണ്. ഇത് ദേശീയ തലത്തിൽ ഏറ്റവും കുറഞ്ഞ നിരക്കാണ്. |
| (സി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ ഒന്നാം സ്ഥാനം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിനായി നടപ്പിലാക്കിയത് ; വിശദമാക്കാമോ ; | (സി)<br>* തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് നടപ്പിലാക്കി .<br>* ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകി.<br>* അണുബാധ നിയന്ത്രിക്കുന്നതിനായി പദ്ധതി നടപ്പിലാക്കി.<br>* എല്ലാ ഗവൺമെന്റ് ആശുപത്രികൾക്കും ഡിസ്പോസിബിൾ ഡെലിവറി കിറ്റ് നൽകി.<br>* പുതുക്കിയ ലേബർ റൂം രജിസ്റ്റർ നൽകി . |
| (ഡി) മാതൃമരണ നിരക്ക് പരമാവധി കുറയ്ക്കുവാൻ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) ഇപ്പോൾ നടപ്പിലാക്കി വരുന്ന മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നതാണ്. ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകും. അണുബാധ നിയന്ത്രിക്കുന്നതിനായുള്ള പദ്ധതി എല്ലാ ആശുപത്രികളിലും നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ